(ബി) വിചാരണ പൂർത്തിയായി പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം-11

ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം-19

(സി) 593 കേസുകളിൽ ഇനിയും അന്വേഷണം പൂർത്തിയാക്കുവാനും 593 പ്രതികളെ പിടികൂടുവാനുമുണ്ട്.

(ഡി) 176 പ്രതികളെ വിട്ടയച്ചിട്ടുണ്ട്.

തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ്

228 (3740) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടും ഇതുവരെ പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം നൽകണമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടോയ്ലറ്റ് സൗകര്യത്തോടുകൂടിയുള്ള സൗകര്യപ്രദമായ കെട്ടിടം ലഭ്യമാകാതിരുന്നതിനാലാണ് തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാതിരുന്നത്.

(ബി) ഇല്ല.

(സി) സൗകര്യപ്രദമായ കെട്ടിടം ലഭിക്കുന്നമുറയ്ക്ക് മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

229 (3741) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly